LIBRARY ARCHIVES Kerala Legislative Assembly

മണ്ണിന്റെ ഘടന എന്നിവയുടെ അടിസ്ഥാനത്തിൽ സാങ്കേതിക വിദഗ്ധർ ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച് ആലപ്പുഴ ജില്ലയിൽ നിർമ്മിക്കുന്ന 82 വീടുകൾക്ക് അടിത്തറ ബലപ്പെടുത്തുന്നതിനായി 63,55,972 രൂപയും തൃശ്ശൂർ ജില്ലയിൽ നിർമ്മിക്കുന്ന 16 വീടുകൾക്ക് 7,00,800 രൂപയും ചേർത്ത് ആകെ 70,56,772 രൂപ അധിക ധനസഹായമായി അതത് ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

റിസ്ക് ഫണ്ട്, ക്ഷേമ വികസന പദ്ധതികൾ

250(264) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ 1 മുതൽ 2021 മേയ് 31 വരെ റിസ്ക് ഫണ്ട്, ക്ഷേമ വികസന പദ്ധതികൾ പ്രകാരം ഇരിക്കൂർ നിയോജകമണ്ഡലത്തിലെ എത്ര പേർക്ക് സാമ്പത്തിക സഹായം ലഭിച്ചുവെന്നും ആകെ എത്ര തുക അനുവദിച്ചുവെന്നും വ്യക്തമാക്കാമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിൽ 2016 ജൂൺ 1 മുതൽ 2021 മേയ് 31 വരെ റിസ്ക് ഫണ്ട് പദ്ധതിയിൽനിന്നും സാമ്പത്തിക സഹായമായി 278 പേർക്ക് ആകെ 1,20,69,587 രൂപ (ഒരു കോടി ഇരുപത് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി എൺപത്തി ഏഴ് രൂപ) അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം സാമ്പത്തിക സഹായം ലഭിച്ചവരുടെ പേരുവിവരങ്ങളും നല്കിയ തുകയും പഞ്ചായത്ത് തിരിച്ച് നൽകാമോ?

പ്രസ്തുത പദ്ധതികൾ പ്രകാരം സാമ്പത്തിക സഹായം ലഭിച്ചവരുടെ പേരു വിവരങ്ങളും നൽകിയ തുകയും പഞ്ചായത്ത് തിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

സഹകരണ മെമ്പർ റിലീഫ് പദ്ധതി

251(265) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മെമ്പർ റിലീഫ് പദ്ധതി പ്രകാരം ഏത് വിഭാഗത്തിൽപ്പെട്ട വർക്കാണ് സാമ്പത്തിക സഹായം അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ?

അർബുദം, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, വൃക്ക രോഗം ബാധിച്ച് ഡയാലിസിസിന് വിധേയരായവർ, ഗുരുതര കരൾ രോഗം ബാധിച്ചവർ (ലിവർ സിറോസിസ്), ഗുരുതര ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ (ബൈപ്പാസ്/ഓപ്പൺ ഹാർട്ട് സർജറി), പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ,

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.